പിറവം നിയോജകമണ്ഡലത്തിലെ നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണം

125 [1250] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ;

(ബി) ഈ പാലത്തിന്റെ അടങ്കൽ തുക എത്രയാണ് ;

(സി) ഇതുവരെ പൂർത്തിയായ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഡി) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ് ;

(എഫ്) അപ്രോച്ച് റോഡിന്റെ പണികൾ എന്നത്തേക്ക് ആരംഭിക്കും ;

(ജി) പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണം 2/2005-ൽ ആരംഭിച്ചു.

(ബി) നാല് കോടി രൂപ.

(സി) ആറ് സ്ലാബുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളതിന്റെ രണ്ട് ഐലന്റുകൾ പൂർത്തിയായി. ഫൗണ്ടേഷൻ ഒരെണ്ണം പൂർത്തീകരിച്ചു.

(ഡി) ആരംഭിച്ചിട്ടില്ല.

(ഇ) സ്ഥലം ഏറ്റെടുക്കൽ നടപടികൾ തീരാനുണ്ട്.

(എഫ്) ആവശ്യമായ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞാലുടൻതന്നെ ആരംഭിക്കാനാകും.

(ജി) ആറ് മാസത്തിനകം തീർക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കാസറഗോഡ് ജില്ലയിലെ താന്നിയടി പാലത്തിന്റെ നിർമ്മാണം

126 [1251] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് ജില്ലയിലെ പെരിയ-ഒടയംചാൽ റോഡിൽ വരുന്ന താന്നിയടി പാലത്തിന്റെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) മേൽപാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇതുവരെ എൽ.ബി.എസ്. ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിലേക്കായി മറ്റേതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly